പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1653 — 21.01.2014 ൽ മറുപടിയ്ക്ക്

## ഇ-പേയ്മെന്റ് സംവിധാനം വഴി കർഷകർക്ക് ലഭിക്കേണ്ട തുക

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ. കെ.പി. മോഹനൻ (കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കൃഷി വകുപ്പ് നടപ്പാക്കിയ ഇ-പേയ്മെന്റ് സംവിധാനം വഴി കർഷകർക്ക് ലഭിക്കേണ്ട തുക കർഷകരുടെ അക്കൗണ്ടിൽ എത്തുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ഓരോ ജില്ലയിലും കർഷകർക്ക് വിവിധ പദ്ധതികൾക്കായി കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർ മുഖേന എത്ര തുക ബാങ്കുകളിൽ നൽകിയിട്ടുണ്ട്; ഇതിൽ എത്ര തുക കർഷകരുടെ അക്കൗണ്ടിൽ എത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; | (ബി) 2012-13 വർഷത്തിൽ, ഓരോ ജില്ലയിലും കർഷകർക്ക് വിവിധ പദ്ധതികൾക്കായി കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർ ബാങ്കുകളിൽ നൽകിയ തുകയും, കർഷകരുടെ അക്കൗണ്ടുകളിൽ എത്തിയ തുകയുടേയും വിശദാംശങ്ങൾ അനുബന്ധം 1 ൽ നൽകിയിട്ടുണ്ട്. |
| (സി) പണം കൈമാറി മാസങ്ങൾ കഴിഞ്ഞിട്ടും കർഷകർക്ക് ഇത് ലഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (സി) കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് മാറ്റുന്നതിനായി ബാങ്കുകളിൽ നിക്ഷേപിക്കുന്ന തുക, വിവിധ കാരണങ്ങളാൽ, തിരസ്കരിക്കപ്പെടുന്നുണ്ട്. തെറ്റായ അക്കൗണ്ട് നമ്പർ, പ്രവർത്തനക്ഷമമല്ലാത്ത അക്കൗണ്ടുകൾ, യഥാർത്ഥ സേവിംഗ് ബാങ്ക് അക്കൗണ്ടുകൾക്കു പകരം ലോൺ അക്കൗണ്ടുകൾ എന്നീ കാരണങ്ങളാലാണ് തുക ട്രാൻസ്ഫർ നടക്കാത്തത്. ഇപ്രകാരം തിരസ്കരിക്കപ്പെടുന്ന സാഹചര്യത്തിൽ, ബാങ്കിൽ നിന്നും ലഭിക്കുന്ന സ്റ്റേറ്റ്മെന്റിൽ ബിൽ, നമ്പർ, പദ്ധതി, കൃഷിഭവൻ തുടങ്ങിയ വിശദാംശങ്ങൾ ലഭ്യമല്ലാത്തതിനാൽ, ഗുണഭോക്താക്കളെ കണ്ടെത്തി വിവരം അറിയിക്കുവാൻ കാലതാമസം നേരിടുന്നു. |
| (ഡി) ഇത് പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ഡി) സംസ്ഥാന ഗവൺമെന്റിന്റെ ധനകാര്യവകുപ്പിന്റെ നിർദ്ദേശപ്രകാരം നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ തയ്യാറാക്കിയ 'ഇലക്ട്രോണിക്സ് ബെനിഫിറ്റ് ട്രാൻസ്ഫർ ഫോർ ഗവൺമെന്റ് ഓഫ് കേരള' എന്ന സോഫ്റ്റ്‌വെയർ സംവിധാനത്തിലൂടെ തുക തിരസ്കരിക്കപ്പെടുന്ന ഗുണഭോക്താക്കളുടെ ലിസ്റ്റിൽ, പദ്ധതി, ബിൽ നമ്പർ, കൃഷിഭവൻ തുടങ്ങിയ |

വിശദാംശങ്ങൾ കൂടി ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ മൊബൈൽ ഫോൺ ഉള്ള കർഷകർക്ക് തുക കൈമാറിയ അല്ലെങ്കിൽ തിരസ്കരിക്കപ്പെട്ട വിവരം എസ്.എം.എസ് ആയി അറിയിക്കുവാനുള്ള സംവിധാനവും നിലവിലുണ്ട്. ഇപ്രകാരം, തുക ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുവാൻ സാധിക്കുന്നതാണ്. ഈ സോഫ്റ്റ് വെയറിന്റെ ബാങ്കുകളുമായുള്ള ടെസ്റ്റിങ്ങ് നടന്നുവരുന്നുണ്ട്. ഫെബ്രുവരിയിൽ പുതിയ സോഫ്റ്റ് വെയർ നൽകുന്നതോടെ പരാതികൾ പരിഹരിക്കുന്നതിനും കഴിയും.

സെക്ഷൻ ഓഫീസർ